# ECHO OF HIS CALL

MALAYALAM

## വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXIX | AUGUST 2023 | No. 10


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 103:8-17**

08. യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു; ദീർഘക്ഷമയും മഹാദയയും ഉള്ളവൻ തന്നേ.

09. അവൻ എല്ലായ്പോഴും ഭത്സിക്കയില്ല; എന്നേക്കും കോപം സംഗ്രഹിക്കയുമില്ല.

10. അവൻ നമ്മുടെ പാപങ്ങൾക്കു ഒത്തവണ്ണം നമ്മോടു ചെയ്യുന്നില്ല; നമ്മുടെ അകൃത്യങ്ങൾക്കു ഒത്തവണ്ണം നമ്മോടു പകരം ചെയ്യുന്നതുമില്ല.

11. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ അവന്റെ ദയ അവന്റെ ഭക്തന്മാരോടു വലുതായിരിക്കുന്നു.

12. ഉദയം അസ്തമയത്തോടു അകന്നിരിക്കുന്നതുപോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോടു അകറ്റിയിരിക്കുന്നു.

13. അപ്പന്നു മക്കളോടു കരുണ തോന്നുന്നതുപോലെ യഹോവെക്കു തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു.

14. അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലോ; നാം പൊടി എന്നു അവൻ ഓർക്കുന്നു.

15. മനുഷ്യന്റെ ആയുസ്സു പുല്ലുപോലെയാകുന്നു; വയലിലെ പൂപോലെ അവൻ പൂക്കുന്നു.

16. കാറ്റു അതിന്മേൽ അടിക്കുമ്പോൾ അതു ഇല്ലാതെപോകുന്നു; അതിന്റെ സ്ഥലം പിന്നെ അതിനെ അറികയുമില്ല.

17. യഹോവയുടെ ദയയോ എന്നും എന്നേക്കും അവന്റെ ഭക്തന്മാർക്കും അവന്റെ നീതി മക്കളുടെ മക്കൾക്കും ഉണ്ടാകും.

# ആഖോർ താഴ്വര പ്രതീക്ഷയുടെ വാതിൽ

## THE VALLEY OF ACHOR: A DOOR OF HOPE



പാസ്റ്റർ. ഏഞ്ചലിൻ സെൽവകുമാരി



യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം അറിയിക്കട്ടെ. 2013 ലെ കഴിഞ്ഞ 7 മാസങ്ങൾ അവന്റെ കൃപയിൽ നമ്മെ വഹിച്ചതിനാൽ നന്ദിയർപ്പിക്കാം. ഈ വർഷം ഇതുവരെ ചിലർക്ക് അനുഗ്രഹപ്രദവും ഫലപ്രദവുമായിരിക്കാം, മറ്റു ചിലർക്ക് ഏറ്റവും മോശമായതായിരിക്കാം. ഏതു സാഹചര്യത്തിലായാലും ദൈവം നല്ലവനാണെന്നും അവൻ ചെയ്യുന്നതെല്ലാം നല്ലതിനുമാണെന്ന് ഓർക്കുക. നാം പ്രത്യാശയോടും വിശ്വാസത്തോടും ധൈര്യത്തോടും ആയിരിക്കുന്നു എങ്കിൽ അവൻ നമ്മുടെ എല്ലാ കാര്യങ്ങളും, അത് എത്ര മോശമായതായാലും നമുക്ക് നല്ലതിനായി രൂപാന്തരപ്പെടുത്തും! അവൻ വിശ്വസ്തനായ ദൈവവും നല്ലൊരു പിതാവുമാണ്.

ഞാൻ യോശുവയുടെ പുസ്തകം വായിച്ചുകൊണ്ടിരുന്നപ്പോൾ ആഖോർ താഴ്വരയിൽ നടന്ന സംഭവം എന്നെ ആഴമായി സ്പർശിച്ചു. വലിയ സങ്കടം നിറഞ്ഞതും അക്രമാസക്തവുമായ സംഭവം! ആഖോറിനെയും അവന്റെ സർവ്വ കുടുംബത്തെയും കല്ലെറിഞ്ഞും, തീ വച്ചും കൊന്നൊടുക്കിയ, യിസ്രായേല്യർ പേരിട്ടു വിളിക്കുന്ന ആഖോർ താഴ്വര!


*4-ാം പേജിൽ തുടരും...*





## വിളിയുടെ പ്രതിധ്വനി

*യു ട്യൂബ് ക്രിസ്തീയ ചാനൽ!*

**പാസ്റ്റർ സാം സെൽവരാജുമൊത്ത് പ്രാർത്ഥിക്കാൻ അവസരം!**

**5 മിനിട്ട് ദൈർഘ്യമുള്ള സന്ദേശം, പ്രാർത്ഥന!!**

**ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്**


**എല്ലാ ദിവസവും 5.00 am**

**തമിഴ് ഞായർ ആരാധന– 8.30 am**

ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

REACHING NATIONS

## from your dearly beloved brother...






### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

**CHIEF EDITOR**

Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**

Bro. N. Prakasam, M.A., General Manager
Dr. Rabinder Boaz, M.S.
Bro. K. Puratchivendan

**EDITORIAL BOARD**

Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Dr. A. Richard Samuel, M.A., Ph.D.
Rev. Dr. K.R. Rajasekaran

**EDITOR, PUBLISHER & PRINTER**

Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**E.mail ID**

sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**

www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**

Echo of His Call

**"യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ"**
**- സംഖ്യാപുസ്തകം 6:24**

## വല പൊട്ടുന്നു! ഇതു നിങ്ങളുടെ സമയം!!

കർത്താവിൽ പ്രീയ ദൈവമക്കളേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അതുല്ല്യ നാമത്തിൽ സ്നേഹത്തോടെ നിങ്ങൾക്കു വന്ദനം അർപ്പിക്കുന്നു.

ആഗോള കാഴ്ചപ്പാടുള്ളതിനാൽ, ഏതു വിധേനയും സുവിശേഷം ലോകം മുഴുവനും എത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. താഴെ പറയുന്ന ശുശ്രൂഷകൾ പരിധിക്കതീതമായി മുന്നേറുന്നു.

1. തപാൽ, ഇ-മെയിൽ എന്നിവയിലൂടെയുള്ള 16 ഭാഷകളിലെ **വിളിയുടെ പ്രതിധ്വനി** മാസിക,
2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ (തമിഴ്, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ),
3. സഭാ ശുശ്രൂഷ (മുഖ്യ സഭയും അനുബന്ധ സഭകളും),
4. **നെഹെമ്യ ബൈബിൾ കോളേജുകൾ** (ചെപ്പോക്ക് & സന്തോഷപുരം - തമിഴ്, വേളാച്ചേരി - ഹിന്ദി,
5. **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ** (ഇംഗ്ലീഷ് മീഡിയം),
6. **വിളിയുടെ പ്രതിധ്വനി** അച്ചടിശാല,
7. **വിളിയുടെ പ്രതിധ്വനി** യുട്യൂബ് ചാനൽ - തമിഴ്, തെലുങ്ക്, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിലെ അഞ്ചു മിനിറ്റ് ദൈർഘ്യമുള്ള സന്ദേശങ്ങൾ എല്ലാ ദിവസവും രാവിലെ 5.00 മണിക്ക് അപ്ലോഡ് ചെയ്യുന്നു. ഞായർ ആരാധനയും അപ്ലോഡ് ചെയ്യുന്നുണ്ട്. ഇത് കൂടാതെ മറ്റു മീഡിയ ശുശ്രൂഷകളും ചെയ്യുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ ശുശ്രൂഷയിലും ദൈവകൃപ ഞങ്ങൾ അനുഭവിക്കുന്നു. ഇത് നിങ്ങളുടെ പ്രാർത്ഥനയിലൂടെയും, പ്രോത്സാഹനങ്ങളിലൂടെയും, സഹായങ്ങളിലൂടെയും ഞങ്ങൾ ഉറപ്പിക്കുന്നു. ഞങ്ങൾ സത്യസന്ധമായി ചെയ്യുന്ന ഈ ശുശ്രൂഷകളിൽ പുറത്തു പറയാൻ പറ്റാത്ത രീതിയിൽ സാത്താൻ പല ഉപായങ്ങളിലൂടെ ഞങ്ങളെ ആക്രമിക്കാൻ ശ്രമിക്കുന്നുണ്ട്. നിങ്ങൾ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമോ?



*ബിരുദം നേടിയ ചില വിദ്യാർത്ഥികളോടൊപ്പം പാസ്റ്റർ സാം - 2023*

നെഹെമ്യ ബൈബിൾ കോളേജുകളുടെ പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിക്കുന്നു. തപാലിലൂടെ വേദപഠനം (ബൈബിൾകോർ) ആരംഭിക്കാൻ സഹായിച്ച കർത്താവ് ഇപ്പോൾ റെഗുലർ ക്ലാസ്സുകൾ (സായാഹ്നം, റെസിഡൻഷ്യൽ) ആരംഭിക്കുവാൻ ഞങ്ങളെ സഹായിച്ചിരിക്കുന്നു.



## *നെഹെമ്യ ബൈബിൾ കോളേജ് - സന്തോഷപുരം - പ്രത്യേക മീറ്റിംഗ്*

സന്തോഷപുരത്തെ ബൈബിൾ കോളേജ് പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക ക്ഷണിതാക്കളുടെയും നെഹെമ്യ ബൈബിൾ കോളേജിലെ വേദശാസ്ത്ര പണ്ഡിതന്മാരുടെയും സമ്മേളനം ജൂൺ 4-ന് സന്തോഷപുരത്തെ കോളേജ് വളപ്പിൽ നടത്തുകയുണ്ടായി.

സന്തോഷപുരത്തെ കോളേജ് വളപ്പിൽ മൂന്നാമത്തെ ബൈബിൾ കോളേജ് ആരംഭിക്കുവാൻ പ്രാർത്ഥനയോടെ ഞങ്ങൾ തീരുമാനിച്ചു. അവിടെ C.Th., Dip.Th., B.Th. എന്നീ കോഴ്സുകൾ ലഭ്യമാണ്. ഞങ്ങൾ അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു. ഇപ്പോഴുള്ള ശുശ്രൂഷകളിൽ വളരെയധികം പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഉള്ളപ്പോൾ എന്തിനാണ് ഈ പുതിയ ശുശ്രൂഷ ചെയ്യുന്നത് എന്ന് ദൈവജനത്തിന്റെ ഉള്ളിൽ സ്വാഭാവികമായും ചോദ്യം ഉണ്ടാകാം. ഈ ശുശ്രൂഷയ്ക്കുവേണ്ടി ഞങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിൽ നിന്നും ശക്തമായ പ്രേരണയുണ്ട്. അതുകൊണ്ട് ഞങ്ങൾക്ക് നിശബ്ദരായി ഇരിക്കാൻ കഴിയുകയില്ല. ദൈവത്തിന്റെ ഹിതം എന്താണോ അതനുസരിച്ച് എല്ലാം സംഭവിക്കുന്നു.

നമുക്ക് അതിവേഗം കടന്നുപോകുന്ന ഒരു ജീവിതമേയുള്ളു. ദൈവത്തിനുവേണ്ടി ചെയ്യാൻ കഴിയുന്നതൊക്കെ ചെയ്യുക എന്നതാണ് എന്റെ ഹൃദയത്തിലെ ആഗ്രഹം.





ഇപ്പോൾ തന്നെ ഞങ്ങൾക്ക് 200 ലധികം പ്രവർത്തകരും ദൈവത്തിന്റെ സന്നദ്ധസേവകരും ശുശ്രൂഷക്കായി ഉണ്ട്. സാമ്പത്തികത്തിന്റെയും പ്രവർത്തകരുടെയും കുറവുണ്ടെങ്കിലും ഞങ്ങൾ ദൈവവചനങ്ങളെ മുൻനിറുത്തി ബൈബിൾ കോളേജിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. **അവന്റെ മനസ്സു അവനിൽ അഹങ്കരിച്ചിരിക്കുന്നു; അതു നേരുള്ളതല്ല; നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും** (ഹബക്കൂക്ക് 2:4), **എന്നാൽ എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിന്മാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന്നു അവനിൽ പ്രസാദമില്ല** (എബ്രായർ 10:38).

ലൂക്കൊസ് 5-ൽ തങ്ങളുടെ കഴിവിന്നുപരിയായി കർത്താവിന്റെ കൃപയാൽ പെരുത്തു മീൻകൂട്ടം ലഭിച്ചതിനെക്കുറിച്ച് വായിക്കുന്നു. വളരെ വലിയ മീൻകൂട്ടം ലഭിച്ചതിനാൽ വല കീറുന്ന അവസ്ഥയിലായി. തങ്ങൾക്കുമാത്രമായി നേരിടുവാൻ കഴിയാത്തതിനാൽ മറ്റു വള്ളങ്ങളിലെ മീൻപിടുത്തക്കാരെയും സഹായത്തിനായി ക്ഷണിക്കുന്നു.

**അവർ മറ്റെ പടകിലുള്ള കൂട്ടാളികൾ വന്നു സഹായിപ്പാൻ അവരെ മാടിവിളിച്ചു, അവർ വന്നു പടകു രണ്ടും മുങ്ങുമാറാകുവോളം നിറെച്ചു** (ലൂക്കൊസ് 5:7).

ഇതുപോലെ **വിളിയുടെ പ്രതിധ്വനി**യുടെ എല്ലാ പ്രവർത്തനങ്ങളെയും ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. എണ്ണമില്ലാത്ത അത്ഭുതങ്ങളും അതിശയങ്ങളും നൽകി അനേകം ആത്മാക്കളെ സമ്മാനമായി ഞങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്നു. ദൈവത്തിനു സ്തോത്രം.

ഞങ്ങളുടെ ശുശ്രൂഷകൾ നേരിട്ടു കാണുവാൻ വായനക്കാരെ സ്വാഗതം ചെയ്യുന്നു. ദൈവീക ശുശ്രൂഷകൾ വന്നു കാണുവിൻ. കർത്താവായ യേശുക്രിസ്തുവിലുള്ള ഞങ്ങളുടെ വിശ്വാസം എങ്ങനെയാണ് പ്രവർത്തിപഥത്തിലെത്തിക്കുന്നതെന്നു മനസ്സിലാക്കാം.



ഞങ്ങൾക്ക് സ്ഥിരമായ സാമ്പത്തിക വരുമാനമില്ലെങ്കിലും അവനിൽ വിശ്വസിക്കുന്ന ഏവരെയും ദൈവം ദിനംതോറും നടത്തി പരിപാലിക്കുന്നു. **നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തൻ ആകുന്നു; അവൻ അതു നിവർത്തിക്കും** (1 തെസ്സലോനിക്യർ 5:24).

ആത്മാക്കളെക്കൊണ്ട് ഞങ്ങളുടെ വലയും പൊട്ടാറായിരിക്കുന്നു. ഒരു പരസ്യവുമില്ലാതെ അനേകം ശുശ്രൂഷകൾ! ദൈവത്തിന്റെ അനേകം വേലക്കാർ!! ഞങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ കഷ്ടപ്പെടുന്നു!!! ഏതെങ്കിലും വിധത്തിൽ സഹകരിക്കുവാൻ മുന്നോട്ടു വരുവിൻ. ആത്മാക്കളെക്കൊണ്ട് പൊട്ടാറായ വലയുമായി കഴിയുന്ന **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷകളെ സഹായിക്കുവിൻ. ആഗസ്റ്റ് 10-ാം തീയതി **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷ 55-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. ഞങ്ങളുടെ ശുശ്രൂഷകളെ ദൈവത്തിന്റെ കൃപ ഇന്നുവരെയും പരിപാലിക്കുന്നു. ഞങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുവാൻ പ്രാർത്ഥിക്കുവിൻ. സഹായിക്കുവിൻ.

നിങ്ങൾക്കു ചെയ്യാൻ കഴിയുന്നത് ചെയ്യുവിൻ! നിങ്ങളുടെ മനസ്സിൽ തോന്നിപ്പിക്കുന്നതു ചെയ്യുവിൻ!!

ദൈവത്തിന്റെ കൃപ നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ. ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ

പാസ്റ്റർ സാം സെൽവരാജ്,
അലക്സ് സാംസൺ സാം

(+91) 98412 71858 / 98410 71858
E.mail : samselvaraj333@gmail.com

....Contd. from page 1

“അശാന്തി” എന്നും “പീഢനം” എന്നും അർത്ഥമുള്ള ആഖോർ താഴ്വര എങ്ങനെയാണ് “പ്രത്യാശയുടെ വാതിൽ” ആയത്? പീഢ, അശാന്തി, പരാജയം, ശാപം, മരണം, സംഹാരം, നിരാശ എന്നിവയാൽ അറിയപ്പെട്ടിരുന്ന ഈ സ്ഥലം എങ്ങനെയാണ് പ്രത്യാശയുടെയും പുതിയ ജീവിതത്തിന്റെയും പുതിയ തുടക്കത്തിന്റെയും സ്ഥലമായി മാറിയത്? ഇത് എത്ര പേരാണ് വായിക്കുന്നത് എന്ന് എനിക്ക് അറിയില്ല, പക്ഷെ ഞാൻ ഇപ്പോൾ എല്ലാം നഷ്ടപ്പെട്ട് മരണത്തിന്റെ താഴ്വരയായ ആഖോർ താഴ്വരയിലാണ്. ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥ. പിടി വിട്ടു പോകുന്ന അവസ്ഥയിലാണ്. പരിശ്രമിക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഞാൻ ശ്രമിച്ചു നോക്കി. പക്ഷെ, മുന്നോട്ടു പോകാൻ കഴിയുന്നില്ല. എനിക്ക് നല്ല വാർത്ത പറയാനുണ്ട്. പരാജയത്തിന്റെയും നിരാശയുടെയും പര്യായമായ അതേ താഴ്വര പ്രത്യാശയുടെ വാതിലായി മാറി. അതേ ദൈവം നിങ്ങളുടെ ജീവിതങ്ങളെ സൗന്ദര്യവും വർണശബളവും അർത്ഥസമ്പുഷ്ടവുമാക്കും. കാരണം, അവൻ ദൈവമാണ്. അവന് ശൂന്യതയിൽനിന്നും വലിയവ ചെയ്യാൻ സാധിക്കും.

നമുക്ക് ആദ്യം ആഖോർ താഴ്വരയുടെ പൊരുൾ മനസ്സിലാക്കാം. അതിനായി മുമ്പിലത്തെ യുദ്ധത്തെക്കുറിച്ച് മനസ്സിലാക്കണം. പുതിയ നേതാവായ യോശുവയെ സംബന്ധിച്ച് യെരിഹോ യുദ്ധം യോശുവയ്ക്കും യിസ്രായേല്യർക്കും വിജയത്തിന്റേതായിരുന്നു. അവരുടെ ധാരണകൾക്കു വിപരീതമായി ദൈവത്തിന്റെ അമാനുഷികമായ ശക്തി അനുഭവിക്കാൻ സാധിച്ചു. മാനുഷിക ശക്തിക്കതീതമായ വിജയമായിരുന്നു അത്. ദൈവം തന്നെ അവർക്കുവേണ്ടി യുദ്ധം ചെയ്തത് അവർ കണ്ടു. അവർക്ക് യുദ്ധത്തിൽ വലിയ വിജയം ലഭിച്ചപ്പോൾ അവർ നമ്മെപ്പോലെ അലംഭാവമുള്ളവരായി. ദൈവത്തിന്റെ അനുഗ്രഹം നമുക്ക് ലഭിക്കുമ്പോൾ നാം സുഖകരമായ അവസ്ഥയിലേക്ക് മാറി, അനുഗ്രഹത്തിനു കാരണമായവനെ മറന്ന്, അതേ അനുഗ്രഹം ഒരു കുടുക്കായിത്തീരുമെന്ന് മനസ്സിലാക്കാതെ, അനുഗ്രഹത്തിൽ മാത്രം ലയിച്ച് ജീവിക്കുന്നു. നമുക്ക് ലഭിക്കുന്ന അനുഗ്രഹം ഒരു കുടുക്കായിത്തീരാതിരിക്കുവാൻ ശ്രമിക്കുവിൻ. യെരീഹോ യുദ്ധത്തിലെ വലിയ വിജയത്തിനുശേഷം താരതമ്യേന ചെറിയ പട്ടണമായ ഹായിയുമായി യുദ്ധമുണ്ടായി. ശക്തരായ യെരീഹോയുമായി അനായാസ വിജയം നേടിയതിനാൽ ചെറുതും അപ്രസക്തവുമായ ഹായിയുമായി യുദ്ധം ചെയ്യാൻ മടിച്ചില്ല. കഴിഞ്ഞ വിജയം തങ്ങളുടെ കഴിവു കൊണ്ടല്ല, ദൈവീകമായിരുന്നു എന്ന് അവർ മറന്നുപോയി. അവർ ഹായിയുമായി യുദ്ധം ചെയ്യാൻ പോയി. അത് വലിയ ദുരന്തമായി മാറി.

**അങ്ങനെ ജനത്തിൽ ഏകദേശം മൂവായിരം പേർ അവിടേക്കു പോയി; എന്നാൽ അവർ ഹായി പട്ടണക്കാരുടെ മുമ്പിൽനിന്നു തോറ്റു ഓടി. ഹായി പട്ടണക്കാർ അവരിൽ മുപ്പത്താറോളം പേരെ കൊന്നു, അവരെ പട്ടണവാതിൽക്കൽ തുടങ്ങി ശെബാരീം വരെ പിന്തുടർന്നു മലഞ്ചരുവിൽവെച്ചു അവരെ തോല്പിച്ചു. അതുകൊണ്ടു ജനത്തിന്റെ ഹൃദയം ഉരുകി വെള്ളംപോലെ ആയിത്തീർന്നു** (യോശുവ 7:4,5).

**ജനത്തിന്റെ ഹൃദയം ഭയത്താൽ ഉരുകിപ്പോയി.** യെരീഹോ വിജയത്തിലൂടെ ദൈവീകനന്മ അനുഭവിച്ച ജനത്തെ ഒരു ചെറിയ പട്ടണം തോല്പിച്ചു ഓടിച്ചപ്പോൾ അവർ ഭയപരവശരായി. എവിടെയാണ് തെറ്റിപ്പോയതെന്ന് മനസ്സിലാകാത്തതിനാൽ യോശുവ ദൈവത്തിന്റെ പെട്ടകത്തിന്റെ മുമ്പിൽ കവിണ്ണു

06-ാം പേജിൽ തുടരും...

## പ്രത്യേക വാർത്ത!

1. **നെഹെമ്യ ബൈബിൾ കോളേജു**കളുടെ 2022-2023 വർഷത്തെ ബിരുദദാന ചടങ്ങ് ജൂൺ 3-ാം തിയതി ബി.കെ.എൻ.-ന്റെ പുരശവൽക്കത്തെ ക്യാമ്പസിൽ വച്ച് നടത്തുകയുണ്ടായി. 22 യുവതീയുവാക്കൾ ബിരുദം നേടി മിഷണറിമാരായി വയൽപ്രദേശത്തേക്ക് അയച്ചു.
2. വേളാച്ചേരി, ചെപ്പോക്ക് എന്നിവിടങ്ങളിലെ **നെഹെമ്യ ബൈബിൾ കോളേജി**ന്റെ തമിഴിലെയും ഹിന്ദിയിലെയും ക്ലാസ്സുകൾ 2023 ജൂലൈ 3ന് ആരംഭിച്ചു.
3. സന്തോഷപുരത്തെ **നെഹെമ്യ ബൈബിൾ കോളേജി**ന്റെ തമിഴ് ക്ലാസ്സുകളും ക്ലാസ്സുകൾ 2023 ജൂലൈ 3ന് ആരംഭിച്ചു.
4. സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ ചെറിയ ക്ലാസ്സുകൾ 12-ാം തിയതിയും വലിയ ക്ലാസ്സുകൾ 14-ാം തീയതിയും ആരംഭിച്ചു. പുതിയ കുട്ടികൾക്കുള്ള പ്രവേശനം തുടരുന്നു.

**സഹോദരന്മാരേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പിൻ.** (1തെസ്സലോനിക്യർ 5:25)


# नहेम्याह बाइबल कॉलेज
## रेसिडेन्शल कॉलेज, चेन्नई।

माध्यमः हिन्दी

*सदस्यता के लिए पंजीकृत उम्मीदवार* - ATA

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ★ ECHO OF HIS CALL ★ Estd. 1969

ECHO OF HIS CALL REACHING NATIONS

सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 53 वर्षों से सेवारत वरिष्ठ पासवान

Diploma in Ministry : One year
Diploma in Theology : Two years
Bachelor of Theology : Three years

योग्यता 10 वी या अधिक
जल्दी करें!

Contact : The Chairman, Nehemiah Bible College.

10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org

✶ ऑनलाइन कक्षाएं उपलब्ध हैं ✶

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ



(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

## സ്തോത്രത്തിനായുള്ള വിഷയങ്ങൾ

*ആഗസ്റ്റ് 19* ⇨ സന്തോഷപുരത്തെ **നെഹെമ്യ ബൈബിൾ കോളേജ്** ജൂലൈ 3-ാം തീയതി പുനരാരംഭിക്കുവാൻ അനുഗ്രഹിച്ചതിനായി.

*ആഗസ്റ്റ് 20* ⇨ **നെഹെമ്യ ബൈബിൾ കോളേജിൽ** BTh കോഴ്സ് തുടങ്ങുവാൻ അനുഗ്രഹിച്ചതിനായി.

*ആഗസ്റ്റ് 21* ⇨ ചെപ്പോക്ക്, വേളാച്ചേരി, സന്തോഷപുരം എന്നിവിടങ്ങളിലെ **നെഹെമ്യ ബൈബിൾ കോളേജുകൾക്ക്** പുതിയ പ്രിൻസിപ്പാൾ ലഭിച്ചതിനായി. (റവ. ജോൺ സ്റ്റാൻലി).

*ആഗസ്റ്റ് 22* ⇨ 16 ഭാഷകളിലെ നമ്മുടെ പ്രസിദ്ധീകരണങ്ങൾക്കുള്ള കേന്ദ്ര ഗവൺമെന്റിന്റെ രജിസ്റ്റേർഡ് ന്യൂസ് പേപ്പർ (RNI), ഇ-ഫയലിംഗ് തുടങ്ങിയ കാര്യാദികളിൽ ദൈവീക സംരക്ഷണം ഉണ്ടായിരുന്നതിനായി.

*ആഗസ്റ്റ് 23* ⇨ ഏകമനസ്സോടെ ജോലി ചെയ്യുന്ന അർപ്പണ ബോധമുള്ള ജീവനക്കാരെ ലഭിച്ചതിനായി.

*ആഗസ്റ്റ് 24* ⇨ ബ്രദർ. ഇന്ദ്രജിത് റോയിയുടെ അസുഖത്തിൽ നിന്നും വിടുതൽ നൽകിയതിനായി.

*ആഗസ്റ്റ് 25* ⇨ ധാർമ്മികമായും ധനപരമായും സഹായിക്കുന്ന പങ്കാളികളെ ലഭിച്ചതിനായി.

*ആഗസ്റ്റ് 26* ⇨ 2023 ആഗസ്റ്റ് 10-ാം തീയതി നടക്കുന്ന 55-ാമതു വാർഷികാഘോഷത്തിന്റെ അനുഗ്രഹത്തിനായി.

*ആഗസ്റ്റ് 27* ⇨ ബാലന്മാർക്കും പെൺകുട്ടികൾക്കുമായുള്ള മുഖ്യസഭയിലെ യുവജന സംഘടനയെ അനുഗ്രഹിച്ചതിനായി.

*ആഗസ്റ്റ് 28* ⇨ സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ആത്മകഥാ രചനയുടെ അനുഗ്രഹത്തിനായി.

*ആഗസ്റ്റ് 29* ⇨ **നെഹെമ്യ ബൈബിൾ കോളേജിലെ** അദ്ധ്യാപകരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

*ആഗസ്റ്റ് 30* ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** പ്രിൻസിപ്പാൾ, അദ്ധ്യാപകർ, ജീവനക്കാർ, വിദ്യാർത്ഥികൾ എന്നിവരുടെ അനുഗ്രഹത്തിനായി.

*ആഗസ്റ്റ് 31* ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസപങ്കാളികൾ, ആയുഷ്കാല പങ്കാളികൾ, മാസിക വരിക്കാർ, പരമനിയോഗ പങ്കാളികൾ തുടങ്ങിയവർക്കായും കുടുംബാഗങ്ങൾക്കായും.

*സെപ്റ്റംബർ 01* ⇨ **വിളിയുടെ പ്രതിധ്വനി** മാസിക ശുശ്രൂഷയെ തുണയ്ക്കുന്ന പ്രതിബദ്ധതയുള്ള അസ്സോസിയേറ്റ് എഡിറ്റർമാരാൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.

*സെപ്റ്റംബർ 02* ⇨ **വിളിയുടെ പ്രതിധ്വനി** മാസികയെ പുറമെ സഹായിക്കുന്ന പ്ലേറ്റ് മേക്കർമാർ/ഗ്രൈന്റർമാർ, സ്ക്രീൻ പ്രിന്റർമാർ എന്നിവർക്കായി.

*സെപ്റ്റംബർ 03* ⇨ എല്ലാ ജീവനക്കാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിക്കുന്നതിനായി.

## പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

*സെപ്റ്റംബർ 04* ⇨ പാസ്റ്റർ എസ്. സാം സെൽവരാജിനെയും കുടുംബത്തെയും ദുഷ്ടശക്തികളിൽനിന്നും തുടർന്നും സംരക്ഷിക്കുവാൻ.

*സെപ്റ്റംബർ 05* ⇨ ഞങ്ങളുടെ സാങ്കേതിക തൊഴിലാളികളായ അച്ചടിശാലയുടെ ഓപ്പറേറ്റർമാർ, ഡ്രൈവർമാർ, കമ്പ്യൂട്ടർ ഓപ്പറേറ്റർമാർ തുടങ്ങിയവർക്കായി.

*സെപ്റ്റംബർ 06* ⇨ ആക്രമണങ്ങളാൽ കഷ്ടത അനുഭവിക്കുന്ന ക്രിസ്ത്യാനികളുടെ പുനരധിവാസത്തിനായി.

*സെപ്റ്റംബർ 07* ⇨ **നെഹെമ്യ ബൈബിൾ കോളേജുകളുടെ** 2023-2024 വർഷത്തേക്ക് അർഹതപ്പെട്ട വിദ്യാർത്ഥികൾ റെസിഡൻഷ്യൽ/സഹയാഹ്ന കോഴ്സുകളിൽ അഡ്മിഷൻ നേടുവാനായി.

*സെപ്റ്റംബർ 08* ⇨ നെഹെമ്യ ബൈബിൾ കോളേജിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ, പഠന സഹായ സാമഗ്രികൾ വിവർത്തനം ചെയ്യുന്നവർ എന്നിവർക്കായി.

*സെപ്റ്റംബർ 09* ⇨ ക്രിസ്തീയ പ്രാസംഗികർ മായം ചേർക്കാതെ വചനം പ്രസംഗിക്കുവാൻ.

*സെപ്റ്റംബർ 10* ⇨ ജയിലുകളിൽ സുവിശേഷം അറിയിക്കുന്ന ദൈവമക്കൾക്കായി.

*സെപ്റ്റംബർ 11* ⇨ ദൈവരാജ്യം ഭൂമിയിൽ സ്ഥാപിതമാക്കുവാനുള്ള ദർശനം ഞങ്ങൾക്കു നൽകുന്നതിനായി.

*സെപ്റ്റംബർ 12* ⇨ വിളിയുടെ പ്രതിധ്വനിയുടെ എല്ലാ സുവിശേഷ പ്രവർത്തനങ്ങൾക്കുമായി.

*സെപ്റ്റംബർ 13* ⇨ മദ്യപാനികളും ദുഷ്ടത പ്രവർത്തിക്കുന്നവരും മാനസാന്തരപ്പെടുവാൻ.

*സെപ്റ്റംബർ 14* ⇨ എല്ലാ ക്രിസ്തീയ സംഘടനകളുടെയും പള്ളികളുടെയും അനുഗ്രഹത്തിനും സംരക്ഷണയ്ക്കുമായി.

*സെപ്റ്റംബർ 15* ⇨ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ അവസാനിക്കുവാൻ.

*സെപ്റ്റംബർ 16* ⇨ സീനിയർ പാസ്റ്ററുടെ ആത്മകഥ തടസ്സമില്ലാതെ എഴുതുവാനുള്ള കൃപയ്ക്കായി.

*സെപ്റ്റംബർ 17* ⇨ **വിളിയുടെ പ്രതിധ്വനിയുടെ** സഭകളിലെ വിശ്വാസികളുടെയും അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും ആയുരാരോഗ്യത്തിനായി.

*സെപ്റ്റംബർ 18* ⇨ പലവിധമായ ശുശ്രൂഷകൾ ചെയ്യുന്ന സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിന് പുതിയ കാഴ്ചപ്പാടുകൾ ലഭിക്കാനായി.

... 4-ാം പേജിന്റെ തുടർച്ച

വീണു. ദൈവത്തിന്റെ സാന്നിദ്ധ്യത്തിലല്ലാതെ പ്രശ്നപരിഹാരത്തിനു മറ്റൊരു സ്ഥലം ഇല്ല. നമുക്കു നിയന്ത്രിക്കാൻ കഴിയാത്ത വേദനകളും പ്രയാസങ്ങളും കഷ്ടതകളും അഭിമുഖീകരിക്കുമ്പോൾ യേശുക്രിസ്തുവിന്റെ പാദത്തിൽ വീഴണം എന്നു നാം പഠിക്കണം. പക്ഷെ, ഈ വിലയേറിയ സ്ഥലം നാം മറന്നു പോയിട്ട് നാം സുഹൃത്തുക്കളോടും ബന്ധുക്കളോടുമെല്ലാം സംസാരിക്കുന്നു, ശുശ്രൂഷകരെ വിളിക്കുന്നു - തെറ്റായി ധരിക്കേണ്ട, അവരെ വിളിക്കുന്നതു തെറ്റല്ല - പക്ഷെ ആദ്യം നാം പോകേണ്ട സ്ഥലം യേശുവിന്റെ പാദമാണ്. അത് മറിയയ്ക്ക് നന്നായിട്ട് അറിയാമായിരുന്നു. മകളുടെ സൗഖ്യത്തിനായി യേശുവിന്റെ കാൽക്കൽ വീണ കനാന്യ സ്ത്രീയെപ്പോലെ യേശുവിന്റെ കാൽക്കൽ വീഴുക. നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്നു പറഞ്ഞ യാക്കോബിനെപ്പോലെ, ദൈവത്തിൽനിന്നും എന്തെങ്കിലും പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ, അവന്റെ പാദത്തിൽ വീഴുവിൻ. മനുഷ്യന്റെ കാൽക്കൽ വീഴുന്നതിനെക്കാളും ദൈവത്തിന്റെ കാൽക്കൽ വീഴുന്നത് നല്ലത്. "അങ്ങ് എന്റെ ജീവിതത്തിൽ എന്തെങ്കിലും ചെയ്യുന്നതുവരെ ഞാൻ അങ്ങയെ വിട്ടു പോകയില്ല" എന്നു പറയുവിൻ.

യോശുവ പെട്ടകത്തിനു മുമ്പിൽ വീണപ്പോൾ ദൈവത്തിന്റെ പ്രീതി ലഭിക്കേണ്ടതിന് എന്തു ചെയ്യണമെന്ന് കാണിച്ചുകൊടുത്തു. പരാജയത്തിന്റെ കടങ്കഥയുടെ കാണാതെ പോയ കാരണം കണ്ടുപിടിക്കാൻ സാധിച്ചു. സ്നേഹിതരേ, നിങ്ങളുടെ ജീവിത സാഹചര്യം മാറ്റിത്തരുവാൻ ആവശ്യപ്പെടുകയാണെങ്കിൽ ആദ്യം "എന്റെ ജീവിതത്തിൽനിന്നും ഞാൻ എന്താണ് മാറ്റേണ്ടത്" എന്ന് ദൈവത്തോടു ചോദിക്കുവിൻ. **യഹോവ യോശുവയോടു അരുളിച്ചെയ്തതു: എഴുന്നേൽക്ക; നീ ഇങ്ങനെ സാഷ്ടാംഗം വീണുകിടക്കുന്നതു എന്തിന്നു? യിസ്രായേൽ പാപം ചെയ്തിരിക്കുന്നു; ഞാൻ അവരോടു കല്പിച്ചിട്ടുള്ള എന്റെ നിയമം അവർ ലംഘിച്ചിരിക്കുന്നു; അവർ മോഷ്ടിച്ചു മറവുചെയ്തു തങ്ങളുടെ സാമാനങ്ങൾക്കിടയിൽ അതു വെച്ചിരിക്കുന്നു. യിസ്രായേൽ മക്കൾ ശാപഗ്രസ്തരായി തീർന്നതുകൊണ്ടു ശത്രുക്കളുടെ മുമ്പിൽ നില്പാൻ കഴിയാതെ ശത്രുക്കൾക്കു പുറം കാട്ടേണ്ടിവന്നു. ശാപം നിങ്ങളുടെ ഇടയിൽനിന്നു നീക്കാതിരുന്നാൽ ഞാൻ നിങ്ങളോടുകൂടെ ഇരിക്കയില്ല** (യോശുവ 7:10-12).

ഈ അത്യാപത്ത് വരുവാനുള്ള കാരണങ്ങൾ ദൈവം യോശുവയോടു നേരിട്ട് സ്പഷ്ടമായി പറഞ്ഞു. ഒരു മനുഷ്യന്റെ അനുസരണക്കേടിനാൽ രാജ്യത്തിന്റെ പരാജയം സംഭവിച്ചു എന്ന് ദൈവം വിശദീകരിച്ചു. ദൈവത്തിന്റെ നിർദ്ദേശങ്ങൾ മുഴുവനായി പാലിക്കുവാൻ അവർ പരാജയപ്പെട്ടു. പ്രീയ സ്നേഹിതരേ, ദൈവത്തിന്റെ ഇഷ്ടവും കാരുണ്യവും ലഭിക്കണമെങ്കിൽ അനുസരണം എന്നത് അത്യാവശ്യമാണ്. സമ്പൂർണ്ണ അനുസരണം യാഗത്തേക്കാൾ നല്ലതാണ്. ഭാഗികമായ അനുസരണം അനുസരണക്കേടാണ്! ദൈവം നിങ്ങളോട് എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെട്ടാൽ ഒട്ടും മടിക്കാതെയും, സംശയിക്കാതെയും, ഫലമെന്തെന്നോർക്കാതെയും ചെയ്യുവിൻ!!

## ആഖോർ താഴ്‌വര!

### 1. അപമാനത്തിന്റെയും നാണക്കേടിന്റെയും പ്രതീകം!

യെരീഹോയെക്കുറിച്ചുള്ള ദൈവത്തിന്റെ നിർദ്ദേശം വളരെ വ്യക്തമായിരുന്നു. അവൻ പറഞ്ഞത്: **എന്നാൽ നിങ്ങൾ ശപഥം ചെയ്തിരിക്കെ ശപഥാർപ്പിതത്തിൽ വല്ലതും എടുത്തിട്ടു യിസ്രായേൽ പാളയത്തിന്നു ശാപവും അനർത്ഥവും വരുത്താതിരിക്കേണ്ടതിന്നു ശപഥാർപ്പിതമായ വസ്തുവൊന്നും തൊടാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ** (യോശുവ 6:18).

പക്ഷെ, കാഴ്ചയിൽ കാണ്മാൻ നല്ലതും ഭംഗിയുള്ളതുമായ ചില സാധനങ്ങൾ എടുക്കാനും ഒളിച്ചു വെക്കുവാനും ആഖാനു തോന്നി. ദൈവത്തിന്റെ ശക്തിയെ ആഖാൻ ശരിയായി മനസ്സിലാക്കിയില്ലായിരുന്നു. ദൈവത്തിന് അവന്റെമേൽ ഏറ്റവും വലിയ കോപം ജ്വലിച്ചു. **ഞാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായോരു ബാബിലോന്യ മേലങ്കിയും ഇരുന്നൂറു ശേക്കെൽ വെള്ളിയും അമ്പതു ശേക്കെൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു മോഹിച്ചു എടുത്തു; അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു; വെള്ളി അടിയിൽ ആകുന്നു എന്നു ഉത്തരം പറഞ്ഞു** (യോശുവ 7:21).

ആഖാന്റെ തിരഞ്ഞെടുപ്പിനും അവന്റെ തീരുമാനത്തിനും വലിയ പ്രത്യാഘാതം ഉണ്ടായി. ആഖാന്റെ ഭാര്യയുടെയും മക്കളുടെയും ജീവിതത്തിൽ അവൻ എടുത്ത തീരുമാനത്തിന് വലിയ വില നല്കേണ്ടിവന്നു. മുഴുവൻ രാജ്യത്തെയും സാക്ഷി നിറുത്തിക്കൊണ്ട് അവരെ കല്ലെറിഞ്ഞു കൊന്നു. ഇത് അവനും അവന്റെ കുടുംബത്തിനും വലിയ നാണക്കേടായിത്തീർന്നു.

09-ാം പേജിൽ തുടരും...


നെഹെമ്യ ബൈബിൾ
സായാഹ്ന കോളേജ്

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ
ഭാഷ : തമിഴ്
അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA

കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

Diploma in Ministry : One year
Diploma in Theology : Two years
Bachelor of Theology : Three years

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

അതിവേഗം അഡ്മിഷൻ നേടുവിൻ!

10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

നാം രഹസ്യത്തിൽ ചെയ്യുന്നതിനെല്ലാം പരസ്യമായിട്ടുള്ള പ്രത്യാഘാതം ഉണ്ടാക്കും. ആഖാൻ മോഷ്ടിച്ചതും ഒളിച്ചുവെച്ചതും രഹസ്യമായിട്ടായിരുന്നു. പക്ഷെ ദൈവം അതു വെളിച്ചത്തിൽ കൊണ്ടുവന്നു ആഖാനും കുടുംബവും ശിക്ഷിക്കപ്പെട്ടു. **ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ** (സഭാപ്രസംഗി 12:14). നമ്മുടെ രഹസ്യത്തിലുള്ള പ്രവൃത്തികൾ കൊണ്ടു നമ്മുടെ കുഞ്ഞുങ്ങൾ ബാധിക്കപ്പെടാതിരിക്കാൻ നമുക്ക് ദൈവത്തോട് മാപ്പപേക്ഷിക്കാൻ ഈ അവസരം നമുക്ക് വിനിയോഗിക്കാം.

നമ്മുടെ പ്രവൃത്തികൾ ഒരു വ്യക്തിയിൽ ഒതുങ്ങുന്നില്ല. അതിനു വലിയ പ്രത്യാഘാതമുണ്ട്. എന്റെ തിരഞ്ഞെടുപ്പുകൾ, എന്റെ തീരുമാനങ്ങൾ, എന്റെ അനുസരണക്കേട് എന്നിവയ്ക്ക് ഭാവി തലമുറയിൽ വലിയ അനന്തരഫലം ഉണ്ടാകും. എന്തായാലും കാൽവരി ക്രൂശിനു ദൈവത്തിനു നന്ദി പറയാം. **ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും** (റോമർ 5:19).

ആഖാന്റെ കുടുംബത്തിന്റെ കാഴ്ചപ്പാടിൽ ഈ ചിത്രം ഞാൻ കാണുകയായിരുന്നു. അവന്റെ ഭാര്യയും മക്കളും ഈ സാഹചര്യത്തെക്കുറിച്ച് എന്താണ് ചിന്തിച്ചിട്ടുണ്ടാകുക? ഈ പാപത്തിൽ അവരുടെ പങ്കിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. അവർക്ക് ഇതിനെക്കുറിച്ച് ഒന്നും തന്നെ അറിയില്ല എന്നു തന്നെ നമുക്കു ചിന്തിക്കാം. ഒരു സുപ്രഭാതത്തിൽ ജനങ്ങളുടെ മദ്ധ്യേ ഒറ്റപ്പെട്ടുപോയ അവസ്ഥ. നിങ്ങൾക്ക് ഒരു ഭാഗവുമില്ലാത്ത മറ്റൊരാളുടെ തെറ്റു കാരണം കുറ്റം ചുമത്തപ്പെട്ട, അപമാനിക്കപ്പെട്ട, നാണംകെട്ട അവസ്ഥ!

മറ്റുള്ളവരുടെ ചെയ്തികൾകൊണ്ടു ഞാനും ഇതേ അവസ്ഥയിലല്ലേ എന്നു ഇതു വായിക്കുന്ന നിങ്ങൾ ഒരുപക്ഷെ ചിന്തിച്ചേക്കാം. അതിനു ഞാനെന്തിനു കുറ്റക്കാരനാകണം? ഇതു ശരിയായ നടപടിയാണോ? എന്താണ് ദൈവം ഇതിനെക്കുറിച്ച് ഒന്നും ചെയ്യാതിരുന്നത്?

മറ്റൊരു രീതിയിൽ ചിന്തിച്ചാൽ, അവർക്കു ചിലതൊക്കെ അറിയാമായിരുന്നെങ്കിൽ, അയാൾ എന്തൊക്കെയോ മറച്ചുവയ്ക്കുന്നു എന്നു മനസ്സിലാക്കി മിണ്ടാതിരുന്നു എങ്കിൽ! "ഞാനെന്തിനു വിഷമിക്കണം?" ഇതാണ് നിശ്ശബ്ദമായ പങ്കുപറ്റൽ. കർത്താവിനെതിരെ ചെയ്യുമ്പോൾ നാം മിണ്ടാതിരിക്കാൻ പാടില്ല എന്നു മനസ്സിലാക്കണം. ശരിയുടെകൂടെ നിൽക്കാൻ നമുക്കു കഴിയണം.

ആഖാന്റെ പാപം കാരണം ദൈവത്തിനു മുമ്പിൽ യിസ്രായേല്യർ കുറ്റക്കാരായിത്തീർന്നു. ഒരു മനുഷ്യനാണ് അനുസരണക്കേട് കാണിച്ചതെങ്കിലും മുഴുവൻ ജനങ്ങളും അതിനു ഉത്തരവാദികളായിത്തീർന്നു. ഒരാളുടെ പാപത്തിന്റെ പേരിൽ രാജ്യത്തെ മുഴുവൻ ദൈവം കുറ്റക്കാരാക്കിയത് എന്തുകൊണ്ട്? പാപം ഈ ലോകത്തിൽ പ്രവേശിച്ചത് എങ്ങനെ? ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ ഈ ലോകം മുഴുവനും പാപം പ്രവേശിച്ചു. പക്ഷെ ഒരു മനുഷ്യന്റെ (യേശുക്രിസ്തു) അനുസരണത്തിനാൽ ഈ ലോകത്തിനു രക്ഷ കൈവന്നു. ആഖാന്റെ പാപം മുഴുവൻ ജനത്തിനും അത്യഗാധമായ ആഘാതമാണ് ഉണ്ടാക്കിയത്.

## ഇന്ത്യയ്ക്കകത്തുള്ള അപേക്ഷകർക്കുള്ള തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ്(96പേജുകൾ) എന്നീ ഭാഷകളിൽ തപാലിൽ കോഴ്സുകൾ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് നിങ്ങൾക്ക് ലഭിക്കുന്നു. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നതാണ്. നിർബന്ധിത ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി നൽകുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**The Chairman, Nehemiah Bible College,**
Echo of His Call, Post Box 2957
CHEPAUK, CHENNAI - 600 005.
Ph.: (044) 2852 8282, 2852 9293, 2854 7766,
Cell : 98410 71852, 95661 31858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

“വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ” (മത്തായി 24:15)




### അത്ഭുതങ്ങൾക്കായി ദൈവത്തിൽ വിശ്വസിക്കുവിൻ!

### നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവന്നു.. അവന്റെ ദയ എന്നേക്കുമുള്ളതു (സങ്കീർത്തനം 136:23)

1971-ൽ എന്റെ ശുശ്രൂഷയുടെ ആദ്യകാലത്തിൽ ചെന്നൈ പോസ്റ്റ് ഓഫീസിൽ പോസ്റ്റ് ബോക്സിന് അപേക്ഷിച്ചു. എനിക്ക് 2957 എന്ന നമ്പരിലുള്ള ബോക്സും ലഭിച്ചു. എനിക്ക് സ്ഥിരമായ ഒരു വിലാസം അന്ന് ഇല്ലായിരുന്നതിനാൽ പോസ്റ്റ് ബോക്സ് വളരെ അത്യാവശ്യമായിരുന്നു.

കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അന്ന് എനിക്കുണ്ടായിരുന്നു. എന്റെ ശുശ്രൂഷയുടെ ചിലവെല്ലാം എന്റെ ശമ്പളത്തിൽ നിന്നും വഹിക്കേണ്ടിവന്നു. പലപ്പോഴും എനിക്ക് പട്ടിണി കിടക്കേണ്ടി വന്നിട്ടുണ്ട്. കൂടാതെ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കേണ്ടിയും വന്നു. പക്ഷെ ദൈവം കൂടെ ഉണ്ടായിരുന്നു. ശ്രുശ്രൂഷയുടെ ആവശ്യങ്ങൾ ദൈവകരങ്ങളിൽ സമർപ്പിച്ചു. അവന്റെ കരത്തിന്റെ ശക്തി ഞാൻ അനുഭവിക്കുവാൻ തുടങ്ങി.

1976-ൽ **വിളിയുടെ പ്രതിധ്വനി** മാസികയുടെ അച്ചടി ചിലവ് കൊടുക്കാൻ കഴിയാതെ വന്നു. പ്രാർത്ഥിച്ചെങ്കിലും ദൈവത്തിൽ നിന്നും മറുപടി ലഭിച്ചില്ല. മറ്റു മാർഗ്ഗമില്ലാത്തതിനാൽ പോസ്റ്റ് ബോക്സ് ക്യാൻസൽ ചെയ്ത് 500 രൂപ മടക്കി വാങ്ങാൻ തീരുമാനിച്ചു.

അങ്ങനെ ഞാൻ പോസ്റ്റ് ഓഫീസിൽ പോയി ബോക്സ് ക്യാൻസൽ ചെയ്ത് 500 രൂപ മടക്കിത്തരുവാനുള്ള അപേക്ഷ പോസ്റ്റ്മാസ്റ്റർക്കു നൽകി. പോസ്റ്റ് ബോക്സ് ലഭിക്കാനുള്ള ബുദ്ധിമുട്ട് പറഞ്ഞ് അത് ക്യാൻസൽ ചെയ്യാൻ താമസിപ്പിച്ചു. എന്റെ അവസ്ഥ ശോചനീയമായിരുന്നു. അവസാനം പോസ്റ്റ് മാസ്റ്റർ ബോക്സ് ക്യാൻസിൽ ചെയ്ത് 500 രൂപ മടക്കി നൽകി.

പോസ്റ്റ് മാസ്റ്ററുടെ മുറിയിൽ നിന്നും ഇറങ്ങി വന്നപ്പോൾ ശ്രീ. ഗോവിന്ദൻ എന്ന ഒരു ജീവനക്കാരൻ ഞാൻ ബോക്സ് ക്യാൻസൽ ചെയ്തതെന്തിനാണെന്ന് ചോദിച്ചു. എന്റെ സാമ്പത്തിക പ്രശ്നങ്ങൾ അദ്ദേഹത്തോട് പങ്കുവച്ചു. അദ്ദേഹം കുറച്ചു പണം സമാഹരിച്ചു തരികയും പോസ്റ്റ് മാസ്റ്ററുടെ അടുത്തു ചെന്ന് സംസാരിച്ച് വളരെ ബുദ്ധിമുട്ടി അതേ നമ്പരിലുള്ള ബോക്സ് തന്നെ ശുശ്രൂഷയ്ക്കായി നേടിത്തന്നു. അതേ പോസ്റ്റ് ബോക്സ് തന്നെയാണ് ശുശ്രൂഷയ്ക്കായി ഇപ്പോഴും ഉപയോഗിക്കുന്നത്. ദൈവത്തിനു നന്ദി.

ജീവിതത്തിന്റെ ഉയർച്ചയിലും താഴ്ചയിലും ദൈവം വിശ്വസ്തനായി എന്റെ കൂടെ ഉണ്ടായിരുന്നു. അസുഖം, സാമ്പത്തിക ബുദ്ധിമുട്ട്, മറ്റു ആവശ്യങ്ങൾ എന്നിവ വന്നപ്പോൾ ദൂതന്മാരെ അയച്ച് ദൈവം എന്നെ സഹായിച്ചു. അവൻ മഹോന്നതനായ ദൈവമാണ്. അതേ ദൈവത്തിന് ആരുടെ ജീവിതത്തിലും ഏതു അത്ഭുതവും ഏതു സമയത്തും ചെയ്യാൻ കഴിയും. പ്രീയ വായനക്കാരാ, നിങ്ങളുടെ ജീവിതത്തിലും അത്ഭുതങ്ങൽ കാണുവാനായി അവനിൽ വിശ്വാസം അർപ്പിക്കാം.

*******

### 2. മൂടിവയ്ക്കപ്പെട്ട പാപത്തിന്റെ അടയാളം!

ആഖാന്റെ അനുസരണക്കേട് പാപത്തിലേക്ക് നയിച്ചു. അവൻ ചെയ്തത് ആരും അറിഞ്ഞില്ല. അവന്റെ ആർത്തിയും അത്യാഗ്രഹവുംകൊണ്ടു അവന്റെയും അവന്റെ കുടുംബത്തിന്റെയും നാശത്തിനു കാരണമായി. സങ്കീർത്തനം 139ൽ പറഞ്ഞിരിക്കുന്നതു പോലെ ദൈവം എല്ലാം അറിയുന്നു.

**യഹോവേ, നീ എന്നെ ശോധന ചെയ്തു അറിഞ്ഞിരിക്കുന്നു; ഞാൻ ഇരിക്കുന്നതും എഴുന്നേല്ക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തുനിന്നു ഗ്രഹിക്കുന്നു. എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു; എന്റെ വഴികളൊക്കെയും നിനക്കു മനസ്സിലായിരിക്കുന്നു. യഹോവേ, നീ മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല.**

നമ്മുടെ പാപങ്ങൾ മറച്ചുവയ്ക്കുകയാണെങ്കിൽ അതിനു വലിയ പ്രത്യാഘാതം ഉണ്ടാകും. മൂടിവച്ചിരുക്കുന്ന സ്ഥലം വെളിച്ചത്തു കൊണ്ടുവരും. **എന്റെ ദൃഷ്ടി അവരുടെ എല്ലാ വഴികളുടെയും മേൽ വെച്ചിരിക്കുന്നു; അവ എനിക്കു മറഞ്ഞു കിടക്കുന്നില്ല; അവരുടെ അകൃത്യം എന്റെ കണ്ണിന്നു ഗുപ്തമായിരിക്കുന്നതുമില്ല** (യിരെമ്യാവ് 16:17).

നമ്മുടെ മറഞ്ഞിരിക്കുന്ന രഹസ്യങ്ങളെല്ലാം ദൈവത്തിനറിയാം. നാം അത് ദൈവത്തിന്റെ മുമ്പിൽ തുറന്നു വയ്ക്കണം. അവന്റെ കൃപ നമുക്കു മതിയായത് ആയതിനാൽ ആഖാനെപ്പോലെ കൈകാര്യപ്പെടുകയില്ല.

നമ്മുടെ ഹൃദയങ്ങളിലെ ആഗ്രഹമെല്ലാം ദൈവം അറിയുന്നു. വെളിച്ചം പുറത്തുകൊണ്ടുവരുവാൻ നാം ഇരുട്ടിലുള്ളതും വെളിച്ചത്തിലാക്കണം. പരാജയം, അപമാനം, അധീനമാകുക എന്നിവയിൽനിന്നും മോചനം പ്രാപിക്കണമെങ്കിൽ നാം ദൈവമുമ്പാകെ കപടമില്ലാതെ കടന്നുവരണം. ദൈവത്തോട് സത്യസന്ധമായിരിക്കുവിൻ; പഴയനിയമ കാലഘട്ടത്തിനു വിപരീതമായി നമുക്ക് മദ്ധ്യസ്ഥത വഹിക്കാൻ യേശുക്രിസ്തുവിന്റെ രക്തമുണ്ട്; നാം ആവശ്യപ്പെട്ടാൽ നമ്മെ കഴുകി വെടിപ്പാക്കും.

**ആഖാൻ യോശുവയോടു: ഞാൻ യിസ്രായേലിന്റെ ദൈവമായ യഹോവയോടു പിഴച്ചു ഇന്നിന്നതു ചെയ്തിരിക്കുന്നു സത്യം. ഞാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായൊരു**

**ബാബിലോന്യ മേലങ്കിയും ഇരുനൂറു ശേക്കെൽ വെള്ളിയും അമ്പതു ശേക്കെൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു മോഹിച്ചു എടുത്തു; അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു; വെള്ളി അടിയിൽ ആകുന്നു എന്നു ഉത്തരം പറഞ്ഞു. യോശുവ ദൂതന്മാരെ അയച്ചു; അവർ കൂടാരത്തിൽ ഓടിച്ചെന്നു;; കൂടാരത്തിൽ അതും അടിയിൽ വെള്ളിയും കുഴിച്ചിട്ടിരിക്കുന്നതു കണ്ടു. അവർ അവയെ കൂടാരത്തിൽനിന്നു എടുത്തു യോശുവയുടെയും എല്ലാ യിസ്രായേൽ മക്കളുടെയും അടുക്കൽ കൊണ്ടു വന്നു യഹോവയുടെ സന്നിധിയിൽ വെച്ചു** (യോശുവ 7:20-23).

ദയവായി നമുക്ക് സ്വയപരിശോധന നടത്താം. നമ്മുടെ ജീവിതത്തിൽ മറച്ചു വയ്ക്കപ്പെട്ട പാപങ്ങൾ ഉണ്ടോ? നിങ്ങൾ സമയം എങ്ങനെ ചെലവഴിക്കുന്നു? ആരും നിങ്ങളെ ശ്രദ്ധിക്കാതിരിക്കുമ്പോൾ നിങ്ങൾ എന്താണു ചെയ്യുന്നത്? നിങ്ങളുടെ ഫോണിൽ ഏതു തരം പരിപാടികളാണ് കാണുന്നത്? ദൈവത്തോടുകൂടെ ആയിരിക്കുന്ന സമയത്തേക്കാൾ സമൂഹമാദ്ധ്യമങ്ങളിൽ സമയം സമൂഹമാദ്ധ്യമങ്ങളിൽ ചിലവഴിക്കുന്നുണ്ടോ? നിങ്ങൾ ഞങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചാണോ സംസാരിക്കുന്നത്, അതോ ഞങ്ങൾ ഞങ്ങളുടെ വാഗ്ദാനങ്ങൾ അവകാശപ്പെടുകയാണോ? നിങ്ങൾക്ക് രഹസ്യ ജീവിതം ഉണ്ടോ? ഇത് നിങ്ങൾക്ക് ദൈവവുമായി സംസാരിക്കുവാനുള്ള സമയമാണ്. **പൂട്ടിയ വാതിലുകൾക്കുള്ളിൽ നമ്മൾ ചെയ്യുന്നത് പ്രധാനമാണ്. ദൈവവചനം കൂടുതൽ വായിക്കുക, കൂടുതൽ പ്രാർത്ഥിക്കുക.**

### 3. പുതിയ തുടക്കത്തിന്റെയും പ്രത്യാശയുടെയും അടയാളം!

അപമാനത്തിന്റെയും പരാജയത്തിന്റെയും ചമ്മലിന്റെയും കളങ്കത്തിന്റെയും മരണത്തിന്റെയും പ്രതീകമായിരുന്ന ആഖോർ താഴ്വര പുതിയ തുടക്കത്തിന്റെയും പ്രത്യാശയുടെയും അടയാളമായി മാറി, അത് പ്രത്യാശയുടെ വാതിൽ ആയിത്തീർന്നു. ഹോശേയ 2:15. ഇത് എങ്ങനെ സംഭവിച്ചു?

ആഖാന്റെയും കുടുംബത്തിന്റെയും മരണത്തിനുശേഷം യിസ്രായേൽ ജനത മുഴുവനും അനുതാപത്തോടെ ദൈവത്തെ അന്വേഷിച്ചു. അതിനാൽ ദൈവകോപം മാറിപ്പോയി. കുരിശിനാൽ നാം അനുഗ്രഹിക്കപ്പെട്ടിരിക്കുന്നതിനാൽ നമുക്ക് ഇനി ശിക്ഷ അനുഭവിക്കേണ്ടിവരികയില്ല. നാം പാപം ഏറ്റുപറയുമ്പോൾ അവൻ നമ്മോടു ക്ഷമിക്കാൻ വിശ്വസ്തനാണ്. **അവിടെ നിന്നു ഞാൻ അവൾക്കു മുന്തിരിത്തോട്ടങ്ങളെയും പ്രത്യാശയുടെ വാതിലായി ആഖോർ താഴ്വരയെയും കൊടുക്കും അവൾ അവിടെ അവളുടെ യൗവനകാലത്തിലെന്നപോലെയും അവൾ മിസ്രയീം ദേശത്തുനിന്നു പുറപ്പെട്ടു വന്ന നാളിലെന്നപോലെയും വിധേയ ആകും** (ഹോശേയ 2:15). അത് അനുഗ്രഹത്തിന്റെ പ്രദേശമായിത്തീർന്നു.

നിങ്ങൾ ഇതു വായിക്കുമ്പോൾ നിങ്ങൾ ഒരു വഴിയുമില്ലാതെ, പ്രതീക്ഷയുമില്ലാതെ, ചുറ്റുമുള്ളതെല്ലാം നെഗറ്റീവ് ആയി വളരെ നിരാശയിലായി ജീവിതം അവസാന ഘട്ടത്തിലായിരിക്കുകയാണെന്നു നിങ്ങൾ കരുതിയേക്കാം. പ്രീയ സഹോദരീ സഹോദരന്മാരേ, അസാദ്ധ്യമായതു സാദ്ധ്യമാക്കാനായിട്ടാണ് കർത്താവ് ഭൂമിയിൽ വന്നത്. ചത്ത ഗർഭപാത്രത്തിൽ ജീവൻ നൽകുവാനും മരിച്ചവർ ഉയിർത്തെഴുന്നേൽക്കുവാനും അടഞ്ഞ കണ്ണുകൾ തുറക്കുവാനും വഴിയില്ലാത്തിടത്ത് വഴികൾ തുറക്കുവാനും കർത്താവിനു സാധിച്ചു. നിങ്ങൾ പൂർണ്ണമായും നിരാശയിലായിരിക്കയാണോ? നിങ്ങൾക്കായി നല്ലൊരു വാർത്തയുണ്ട്. നിനക്കു നാണക്കേടുണ്ടായ അതേ സ്ഥലത്തു ദൈവം നിന്റെ തല ഉയർത്തും. അവൻ നിന്റെ കൊമ്പ് ഉയർത്തുകയും നിന്റെ ശത്രുക്കളുടെ സാന്നിദ്ധ്യത്തിൽ നിന്റെ തലയിൽ എണ്ണ പൂശുകയും ചെയ്യും. അങ്ങനെയാകണമെങ്കിൽ നാം ചിലതു ചെയ്യാനുണ്ട്. ദൈവത്തോടു നാം വിശ്വസ്തരായിരിക്കണം, അവനു ഇഷ്ടപ്പെടാത്ത കാര്യങ്ങൾ പ്രഖ്യാപിക്കുകയോ ചെയ്യാതെ, അവന്റെ കരുണക്കായി യാചിച്ച്, ഇതൊന്നും ആവർത്തിക്കാതിരിക്കാനുള്ള കൃപക്കും സഹായത്തിനുമായി അവനോട് താഴ്മയോടെ ആവശ്യപ്പെടാം.

ദൈവവുമായുള്ള നമ്മുടെ ബന്ധം പുനഃസ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ദൈവവുമായുള്ള നമ്മുടെ ബന്ധം ശരിയായാൽ ദൈവം എല്ലാറ്റിലും മാറ്റം വരുത്തും. ദൈവവുമായുള്ള ബന്ധം ശരിയായിക്കഴിഞ്ഞാൽ നിങ്ങൾക്കു നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കാനാകും.

കർത്താവിനെ നിങ്ങൾ അന്വേഷിക്കുമ്പോൾ അസ്വസ്തതയുടെയും വേദനയുടെയും സ്ഥലം (ആഖോർ താഴ്വര) വിശ്രമ സ്ഥലമായി മാറും. **എന്നെ അന്വേഷിച്ചിട്ടുള്ള എന്റെ ജനത്തിന്നായി ശാരോൻ ആടുകൾക്കുള്ള മേച്ചൽ പുറവും ആഖോർ താഴ്വര കന്നുകാലികൾക്കു കിടപ്പിടവും ആയിരിക്കും** (യെശയ്യാവ് 65:10).

പ്രീയ സഹോദരീസഹോദരന്മാരേ, ആഖോർ താഴ്വരയിൽ നിന്ന് പ്രത്യാശയുടെ വാതിൽക്കലേക്കുള്ള യാത്ര ഇതാണ്:

- അപമാനത്തിൽനിന്നും പ്രതീക്ഷയിലേക്കുള്ള ഒരു യാത്ര.
- തകർച്ചയിൽനിന്നും പുതിയവ നിർമ്മിക്കുന്നത്.
- നിരാശയുടെയും മരണത്തിന്റെയും തോൽവിയുടെയും സ്ഥലത്തുനിന്ന് സന്തോഷകരമായ ലക്ഷ്യത്തിലേക്കുള്ള യാത്ര.
- നമ്മുടെ പ്രശ്നങ്ങളും കഷ്ടതകളും സ്വയം കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നതിനേക്കാൾ നമുക്കു പ്രത്യാശ നൽകുന്ന ദൈവവുമായി കൈകോർക്കുക.
- നമ്മുടെ ദുഃഖം/ആഖോർ താഴ്വര പഠനത്തിനുള്ള അവസരമാക്കാൻ ഞങ്ങൾ തീരുമാനിക്കുകയാണെങ്കിൽ
- കഷ്ടത ക്ഷമയിലേക്കും, ക്ഷമ അനുഭവജ്ഞാനത്തിലേക്കും, അനുഭവജ്ഞാനം പ്രത്യാശയിലേക്കും എന്നതാണ് അതിന്റെ ക്രമം.
- ആദ്യത്തെ രണ്ടെണ്ണമായ കഷ്ടതയും ക്ഷമയും ഇല്ലാതെ നമുക്ക് പ്രത്യാശ ഉണ്ടാകുകയില്ല എന്നു നാം പഠിക്കണം.
- കഴിഞ്ഞ പല സന്ദർഭങ്ങളിലും അവൻ നമ്മെ നയിക്കുകയും, നമ്മോടുകൂടെത്തന്നെ ഉണ്ടായിരുന്നു എന്നും നാം വിശ്വസിക്കണം, അവൻ നമ്മെ വിട്ടു മാറുകയും ഇല്ല
- ഒരു തിരുത്തലും സുഖകരമായ അനുഭവമായിരിക്കയില്ല, അത് കഠിനവും വേദനാജനകവും അസ്വസ്ഥത ഉളവാക്കുന്നതും ആയിരിക്കും. പക്ഷെ അന്തിമഫലം അനുഗ്രഹമാണ്.

നിങ്ങൾ ഇന്ന് നിങ്ങളെത്തന്നെ ദൈവകരങ്ങളിൽ സമർപ്പിക്കുമ്പോൾ നിങ്ങൾ ചോദിക്കുന്നതിലും നിനെക്കുന്നതിലും അധികമായി അവൻ നിങ്ങൾക്കു നൽകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ ആഖോർ താഴ്വര പ്രത്യാശയുടെ വാതിലായി മാറട്ടെ എന്നു ഞാൻ ആശിക്കുന്നു.

◆◆◆◆◆◆◆◆

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

## വിളിയുടെ പ്രതിധ്വനി

**യുട്യൂബ്**

**ദയവായി വരിക്കാരാകുക**

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ - എഡിറ്റർ

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/- രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/- രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th AUGUST, 2023.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**